# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എൻമകജെ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KSD/5/1057/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/12/2024
ഇ-മെയിൽ:
doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എൻമകജെ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KSD/5/1057/2024

തീയ്യതി: 30/12/2024

## കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ എൻമകജെ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 16-12-2024 | 21-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 16-12-2024 | 21-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.ഗോപാലകൃഷ്ണ നായ്ക് പി. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
2.ശ്രീ.ജയാനന്ദ എച്ച് , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
3.ശ്രീ.ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ശ്രീ.എം ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5.ശ്രീ.ജനാർദ്ദനൻ സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| സോമശേഖര ജെ.എസ്. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| സുനിൽ ആർ | സെക്രട്ടറി | 01-04-2023 | 23-04-2023 |
| റോബിൻസൺ കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-04-2023 | 07-05-2023 |
| സുനിൽ ആർ | സെക്രട്ടറി | 08-05-2023 | 23-06-2023 |
| റോബിൻസൺ കെ.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-06-2023 | 01-07-2023 |
| സുനിൽ ആർ | സെക്രട്ടറി | 02-07-2023 | 05-07-2023 |
| പ്രേംചന്ദ് പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-07-2023 | 08-08-2023 |
| കെ ഹരീഷ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-08-2023 | 17-08-2023 |
| ഹംസ എം | സെക്രട്ടറി | 18-08-2023 | 31-03-2024 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) |
|---|---|---|
| അക്ഷത | കൃഷി ഓഫീസർ | 01-04-2023 |
| സുമ മാധവൻ | കൃഷി ഓഫീസർ | 14-12-2023 |
| നിധിൻ | കൃഷി ഓഫീസർ | 27-03-2024 |
| ഡോ : ഗ്രീഷ്മ | മെഡിക്കൽ ഓഫീസർ(അലോപ്പതി | 01-04-2023 |
| ഡോ : ദീപ്തി | മെഡിക്കൽ ഓഫീസർ(ആയൂർവേദ) | 01-04-2023 |
| അഖിൽ | വെറ്ററിനറി സർജൻ | 01-04-2023 |
| ഘനശ്യാം ജോഷി | വെറ്ററിനറി സർജൻ | 29-02-2024 |
| പ്രേമലത | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 |
| റോബിൻസൺ കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 |
| ഗിരീഷ് ടി | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2023 |
| ആരതി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 |
| ശ്രിനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 04-09-2023 |
| ദേവി എസ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( പെർള സെക്ഷൻ) | 01-04-2023 |
| സനു ടി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാട്ടുകുക്കെ സർക്കിൾ ) | 01-04-2023 |
| ദേവി എസ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കാട്ടുകുക്കെ സർക്കിൾ) | 03-09-2023 |
| സീനിയ പി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( കാട്ടുകുക്കെ സർക്കിൾ) | 22-09-2023 |

| | | |
|---|---|---|
| ഡോ :സിമ്മി ടി.എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 |
| ഡോ : ജസ്വിൻ മറിയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-08-2023 |
| സോഫിയ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2023 |
| ജിജോ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 26-05-2023 |
| റോബിൻസൺ കെ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 |
| ഗിരീഷ് ടി | അസിസ്റ്റന്റ് സെക്രട്ടറി | 06-07-2023 |
| അജയൻ എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | CFC ഫണ്ട് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ | 1-1-8 |
| 10 | ലൈഫ് മിഷൻ (സംസ്ഥാനവിഹിതം) - വരവ്,ചെലവുകളിലെ അപാകതകൾ | 1-1-9 |
| 11 | ഗുണഭോക്തൃ വിഹിതം - കാലികമാക്കുന്നില്ല | 1-1-10 |
| 12 | LIFE പദ്ധതിക്കായി ചെലവഴിച്ച തുകകൾ സുലേഖ പത്രികയിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെടുത്തിയില്ല | 1-1-11 |
| 13 | B4, B9 ഷെഡ്യൂളുകളിലെ തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | മുൻകൂർ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-1-13 |
| 15 | Excess Of Income Over Expenditure - പൊരുത്തപ്പെടുന്നില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 22 | ക്യാഷ് ബാലൻസ് | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്. | 1-10 |
| 25 | തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു | 1-11 |
| 26 | വസ്തു നികുതി പരിഷ്കരണം- നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസം വരുമാനനഷ്ടത്തിനിടയാക്കുന്നു. | 1-12 |
| 27 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കന്നതിൽ അപാകതകൾ. | 1-13 |
| 28 | കെട്ടിട നിർമ്മാണ അനുമതി- ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-14 |
| 29 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 30 | ലൈഫ് ഭവന പദ്ധതി-ചെലവ് സുലേഖ ചെലവ് പത്രികയിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെടുന്നില്ല. | 1-16 |
| 31 | ഐ. കെ. എം ന് വിഹിതം നൽകൽ -ചെലവ് തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-17 |
| 32 | IKM മെമ്പർഷിപ്പ് ഫീസ് അടവാക്കിയത് - വിശദാംശങ്ങൾ ലഭ്യമല്ല. | 1-18 |
| 33 | ലൈഫ് ഭവന പദ്ധതി- തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-19 |

| | | |
|---|---|---|
| 34 | കുടിവെള്ളക്കരം-സംയുക്ത പരിശോധന നടത്താത്തതുമൂലം പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ചോർത്തുന്നു. | 1-20 |
| 35 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി - പദ്ധതി നടത്തിപ്പിൽ അപാകതകൾ. | 1-21 |
| 36 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | 1-22 |
| 37 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അനർഹരെ ഒഴിവാക്കൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-23 |
| 38 | സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല | 1-24 |
| 39 | കെട്ടിട നിർമാണം ക്രമവൽക്കരണം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-25 |
| 40 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-26 |
| 41 | തൊഴിൽ നികുതി അപാകതകൾ | 1-27 |
| 42 | പച്ചക്കറികൃഷി ടെറസിലും മുറ്റത്തും മൺ ചട്ടി ഗ്രോ ബാഗ് വിതരണം(വനിത)- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വാങ്ങൽ നടത്തി. | 1-28 |
| 43 | കംഫർട്ട് സ്റ്റേഷൻ പ്രവർത്തനത്തിൽ അധിക ബാധ്യത | 1-29 |
| 44 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-30 |
| 45 | എച്ച്.എം.സി.വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചില്ല. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സം കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07 തീരുമാനം 1(1) പ്രകാരം തയ്യാറാക്കി 25.07.2024 തീയതിയിൽ പിന്തുണക്കുന്ന സമർപ്പിക്കപ്പെട്ടിട്ടുള്ള എൻമകജെ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്ക അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടു സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചു ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്ത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ച ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എൻമകജെ ഗ്രാമ പഞ്ചാ വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്ക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
30.12.2024

കേരള സംസ

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്ര നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്ത ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രക അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി ര തുകയും (-2773420) ഇതേ പത്രികയിൽ "Net Cash Generated By Operating+ Invest Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (5503320) തുല്യമല്ല. ആയത് പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയി വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉ ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടു ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തി ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാര വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടത

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചാ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് ( അവസാനമാണ് തയ്യാറാക്കിയിട്ടുള്ളത്.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗ തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42301583 , 31.03.2024 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42301584 , 31.03.2024 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42301600 , 31.03.2024 |
| 110200105 | തൊഴിൽ നികുതി - ട്രേഡ്സ് | 42301601 , 31.03.2024 |

## 1-1-5 CFC ഫണ്ട് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

സുലേഖ പത്രിക പ്രകാരം CFC ഫണ്ടിൽനിന്നുള്ള ചെലവ് 61,89,454 രൂ ധനകാര്യപത്രിക പ്രകാരം ഇത് 44,81,668/-രൂപയാണ് (32,93,221-Tied + 1 വ്യത്യാസം 17,07,786/- രൂപ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ചെയ്ത 135/24 352/24 എന്നീ പദ്ധതികളിലെ ചെലവ് (1180420/-), 2024-25 വർഷമാണ് നടന്ന എഞ്ചിനീയർ അറിയിക്കുകയുണ്ടായി. എന്നിരുന്നാലും ചെലവ് തുക സംബന്ധിച്ച് 5,27 1707786 - 1180420 ) വ്യത്യാസമുണ്ട്. ആയതിന് വിശദീകരണം നൽകിയില്ല. കൂടാതെ വർഷത്തെ നീക്കിയിരിപ്പ് തുകയും (B17 ) , ബാധ്യത തുകയും ( B4) പൊരുത്തപ്പെട 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.1-1-11) പരാമർശിച്ചിട്ടുള്ളതാണ് പരിഹരിക്കാത്തതിനാലും മേൽപറഞ്ഞ കാര്യങ്ങളാലും ചെലവ് തുക പൊരുത്തപ്പെടുന്നില്ല

ഓഡിറ്റ് എൻക്വയറി നം. 2/21.12.2024.

## 1-1-6 തൊഴിലുറപ്പ് പദ്ധതി ചെലവ് തുക പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയിനത്തിലെ ചെലവ് തുക ധനകാര്യപത്രികയും എൻ.ആർ.ഇ. ലഭ്യമാക്കിയ രേഖകളും തമ്മിൽ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക | എൻ.ആർ.ഇ.ജി.എസ് ലഭ്യമാക്കിയ രേഖകൾ പ്രകാര |
|---|---|---|
| നേരിട്ട് ചെലവഴിച്ചത് | 26012846/- രൂപ (I-14(C)) | 26066703.32/- രൂപ |
| ആകെ ചെലവ് | 26013022/-രൂപ (I -6) | 27624969.82/- രൂപ |

മേൽ അപാകതക്ക് വിശദീകരണം നൽകിയില്ല.

ഓഡിറ്റ് എൻക്വയറി നം. 27/21.12.2024.

## 1-1-7 ദുരിതാശ്വാസനിധി നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റിലെ ഷെഡ്യൂളുകൾ പ്രകാരമുള്ള പഞ്ചായത്ത് ദുരിതാശ്വാസനിധിയുടെ നീ പൊരുത്തപ്പെടുന്നില്ല.

| ഇനം | ബി-2 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരം അക്കൗ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബ നീക്കിയിരിപ്പ് |
|---|---|---|
| പഞ്ചായത്ത് ഡിസ്ട്രസ് റിലീഫ് ഫണ്ട് | 8/- രൂപ | 131/- രൂപ |

മേൽ അപാകതക്ക് വിശദീകരണം നൽകിയില്ല.

ഓഡിറ്റ് എൻക്വയറി നം. 27/21.12.2024.

## 1-1-8 ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ

എ) റീകൺസിലേഷൻ പത്രികയുമായി ബന്ധപ്പെട്ട്

1) വാർഷിക ധനകാര്യപത്രിക റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂൾ 40(B) പ്ര Bank Account Of Own Revenue Fund (450210102) എന്ന അക്കൗണ്ടിൽ 1,251/- കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്ക കൂടാതെ റീകൺസിലേഷൻ പട്ടികയിൽ പ്രസ്തുത അക്കൗണ്ട് ഉൾപ്പെട്ടിട്ടില്ല.

2) ILGMS ൽ മാർച്ച് 2024 ലെ റീകൺസിലേഷൻ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള Kerala ( No: 123) , Kerala Gramin Bank (A/C No: 456) എന്നീ അക്കൗണ്ടുകളുടെ പാസ്സ് ബ ലഭ്യമാക്കിയിട്ടില്ല. കൂടാതെ Kerala Gramin Bank (A/C No: 123) റീകൺസിle ഉൾപ്പെട്ടിട്ടില്ല.

3) പെർള SCB (4594) -സാക്ഷരത, SBI (RGSA) എന്നീ അക്കൗണ്ടുകളു പരിശോധനക്ക് ലഭ്യമാക്കിയില്ല.

ബി) ബാങ്ക് അക്കൗണ്ടിലെ വരവ്/ ചെലവ് തുകകളുടെ വിവരം ലഭ്യമാക്കിയില്ല

1) SBI E-Pay A/C No 37296307893-ന്റെ വർഷാന്ത്യ റീ കൺസിലേഷൻ പത്രി Debited By Bank എന്നയിനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള 6906/-രൂപയുടെ (31.( 22.09.2022- 02/-) വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2) തനത്ഫണ്ടിലെ Kerala Bank (A/C No: 181512801000435) ൽ, വൗച്ചർ നം. 321 ന് ലഭിച്ച 20,000/- രൂപയുടെ Credit/Debit വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

ഓഡിറ്റ് എൻക്വയറി നം. 27/21.12.2024.

## 1-1-9 ലൈഫ് മിഷൻ (സംസ്ഥാനവിഹിതം) - വരവ്,ചെലവുകളിലെ അപാകതക

ലൈഫ് മിഷൻ (സംസ്ഥാനവിഹിതം) വരവ് തുകയായ 61,50,000 /- രൂപ, റ ഷെഡ്യൂൾ RP – 30 ൽ വ്യത്യസ്ത ഹെഡ്ഡുകളിലാണ് ചേർത്തിട്ടുള്ളത്. ഇതിൽ 13,70,000 (Grants, Funds & Contributions For Specific Purposes - Other Than Developme Sponsored Scheme Funds – Crematorium) എന്ന ഹെഡ്ഡിലും, 38,80,000/- രൂപ 3 Funds & Contributions For Specific Purposes - Other Than Development Sponsored Scheme Funds - Other Purposes ) എന്ന ഹെഡ്ഡിലും, 9,00,000/- രൂപ 3 Funds & Contributions For Specific Purposes - Other Government Agencies) ചേർത്തിട്ടുള്ളത്. ഈയിനത്തിലെ വരവുകൾ ഒരേ ഹെഡ്ഡിൽ തന്നെ ചേർക്കുവാൻ ശ്രദ്ധിേ

കൂടാതെ ഈയിനത്തിൽ 320200301 (Crematorium) എന്ന ഹെഡ്ഡിലെ 13 320300199 എന്ന ഹെഡ്ഡിലെ 3,00,000 /- രൂപയും മാത്രമേ ചെലവായി ചേർത്തിട്ടുള്ള പത്രിക പ്രകാരം 1,34,60,000/- രൂപ സംസ്ഥാനവിഹിതമിനത്തിൽ ചെലവഴിച്ചിട്ടുണ്ട് (1 16,00,000 (SC)). ആയതിനാൽ ബന്ധപ്പെട്ടയിനത്തിലെ ചെലവ്, ബാധ്യത എ പരിശോധിച്ച് ആയത് ക്രമപ്പെടുത്തി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ഗുണഭോക്തൃ വിഹിതം - കാലികമാക്കുന്നില്ല

ഓഡിറ്റ് വർഷം വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതമിനത്തിൽ സുലേഖ 574410/-രൂപ വരവുണ്ട്. എന്നാൽ ILGMS ലെ ഹെഡ്ഡ് 320800101 പ്രകാരം 156140/

ഈ ഹെഡ്ഡിലെ മുന്നിരിപ്പ് 613817/- , നീക്കിയിരിപ്പ് 765957/- രൂപയുമാണ്. (
സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് 4000/- രൂപയുടെ ചെലവും ഈ വർഷം രേ
മുൻവർഷത്തെ നീക്കിയിരിപ്പിനൊപ്പം ഓരോ വർഷങ്ങളിലേയും വരവ് ഉ
കുറക്കാതിരിക്കുകയും ചെയ്യുന്നതായാണ് കാണുന്നത്. ഈ അക്കൗണ്ടിൽ നിന്നും ചെലവ
വർഷം കുറവ് ചെയ്യാത്തതിനാൽ, സ്ഥാപനത്തിന്റെ ബാധ്യതയിൽ ആനുപാതികമായ
ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതം
ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.
ഓഡിറ്റ് എൻക്വയറി നം.27/21.12.2024.

## 1-1-11 LIFE പദ്ധതിക്കായി ചെലവഴിച്ച തുകകൾ സുലേഖ പത്രികയിലും വാർഷി പത്രികയിലും ഉൾപ്പെടുത്തിയില്ല

VEO, ഓഡിറ്റ് വർഷത്തിൽ നിർവഹണം ചെയ്ത ചുവടെ പരാമർശിക്കുന്ന പദ്ധതികൾ
തുകകൾ സുലേഖ പത്രികയിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെടുന്നില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ. | ചെലവ് തുക | ഫണ്ട് |
|---|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി പട്ടികവർഗ്ഗം (പ്രോജക്ട് നമ്പർ 16/23-24) | 25,10,000 | മുൻ വർഷങ്ങളിൽ IAY/PMAY പദ്ധതി ചെലവഴിക്കാതെ ബാങ്കുകളിൽ അവശേഷ -ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് മിഷൻ നൽകൽ. |
| 2 | ലൈഫ് ഭവന പദ്ധതി പട്ടികജാതി (പ്രൊജക്ട് നമ്പർ 15/23-24) | 1,80,000 | |
| | ആകെ | 26,90,000 | |

## 1-1-12 B4, B9 ഷെഡ്യൂളുകളിലെ തുകകളുടെ വിശദാംശം ലഭ്യമാക്കിയില്ല.

ബാലൻസ് ഷീറ്റിലെ B4 & B9ഷെഡ്യൂളുകളിലെ ചുവടെ ചേർത്ത ബാധ്യതാ നീക്കിയി
ഉറപ്പുവരുത്തി നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലാണ്
വിശദമാക്കേണ്ടതാണ്. പ്രസ്തുത തുകകൾ വിനിയോഗിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ
സ്ഥാപനങ്ങൾക്കോ, അല്ലെങ്കിൽ അവരുടെ അനുമതിയോടെ സർക്കാരിലേയ്ക്കോ
നടപടികൾ സ്വീകരിക്കേണ്ടതാണ്.

| Sl No | Code | Head |
|---|---|---|
| 1 | 320100145 | National Programme For Persons With Disabilities |
| 2 | 320100198 | Grant From Suchitwa Mission |
| 3 | 320100999 | Other Liabilities |
| 4 | 320200305 | Grant For Drinking Water Schemes |
| 5 | 320300199 | Grants, Funds & Contributions For Specific Purposes - Ot Government Agencies |

| | | |
|---|---|---|
| 6 | 320700205 | Contributions For Joint Venture Projects (For Revei Expenditure) – From District Panchayats |
| 7 | 320800199 | Other Grants, Funds & Contributions For Specific Purpose Capital |
| 8 | 350200119 | Recoveries Payable - Covid |
| 9 | 350300101 | Government And Other Dues Payable - Library Cess |

## 1-1-13 മുൻകൂർ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

എ) ബാലൻസ് ഷീറ്റ് ബി18ഷെഡ്യൂളിൽ ഹെഡ്ഡ് 460500201, 460500202, 4 ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ച് പ്രവൃത്തി പൂർത്ത സാക്ഷ്യപത്രം ലഭ്യമായ തുകകൾ മുൻകൂർ കണക്കിൽ ക്രമീകരിക്കുവാൻ നടപടികൾ സ്വീ

ബി) ബാലൻസ് ഷീറ്റ് ബി18ഷെഡ്യൂളിൽ ഹെഡ്ഡ് 460500501 പ്രകാരം നിർവ്വഹ കണ്ടിജൻസി ചെലവ് അഡ്വാൻസ് ആയി 120000/-രൂപ തൻവർഷം നൽകിയിട്ടു തുകകൾ ക്രമീകരിച്ചിട്ടില്ല. മുന്നിരിപ്പ് തുക 2052930/-രൂപ ഉൾപ്പടെ 31.03.2024 2328115/-രൂപ ക്രമീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി

## 1-1-14 Excess Of Income Over Expenditure - പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ B1-Panchayat Fund General- ഷെഡ്യൂളിൽ Excess Of Income Over കണക്കിൽ (-)8667696.65 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് അക്കൗണ്ടിലെ സംഗ്രഹ (Abstract) പ്രകാരം 31.03.2024 ലെ ഗ്രോസ് സർപ്ല Expenditure After Prior Period Items) (-) 15892865 രൂപയാണ്.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| **ഇനം** | **ബജറ്റ്** | **പുതുക്കിയ ബജ** |
|---|---|---|
| ഭരണ സമിതി തീരുമാനം നമ്പർ, തിയതി | നം. 1 ( 1 ) തിയതി : 24/3/2023 | നം. 1 ( 2 ) തിയതി : 21/2/2024 |
| മുന്നിരിപ്പ് | 73,94,908 | -7,26,33,656 |
| വരവ് | 24,81,69,000 | 20,30,56,386 |
| ആകെ | 25,55,63,908 | 13,04,22,730 |
| ചെലവ് | 25,15,75,000 | 25,16,75,405 |
| **നീക്കിയിരിപ്പ്** | 39,88,908 | -12,12,52,675 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമു വിവരങ്ങൾ)

| വർഷം | 2023-2024 |
|---|---|
| മുന്നിരിപ്പ് | 2,82,01,714 |
| വരവ് | 5,86,53,338 |
| ആകെ | 8,68,55,052 |
| ചെലവ് | 6,14,26,758 |
| നീക്കിയിരിപ്പ് | 2,54,28,294 |

**(കുറിപ്പ് : വിവിധ ഗ്രാന്റുകൾ, സംയുക്ത പദ്ധതി ഫണ്ട്, തൊഴിലുറപ്പ് പദ്ധതി വേതനം ഉ വരവ് ചെലവ് വിവരങ്ങൾ റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല)**

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 0 | 19141000 | 19141000 | 16892100 | 224890 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 5687000 | 5687000 | 5308541 | 378459 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 13034000 | 13034000 | 11987184 | 104681 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 19235500 | 19235500 | 3244415 | 159910 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 4105400 | 4105400 | 3634284 | 471116 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 6009306 | 2377000 | 8386306 | 3293221 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ബേസിക് | 2578869 | 3431299 | 6010168 | 1188447 | - |
| എൻ.ആർ.ഇ.ജി.എസ് | 495052 | 1072231 | 1567283 | 1558566.50 | - |
| ഹെൽത്ത്ഗ്രാന്റ് – Diagnostics | 307431 | 955174 | 1262605 | 304134 | - |
| ഹെൽത്ത്ഗ്രാന്റ് – Rural PHC | 158379 | 399882 | 558261 | 191118 | - |
| ഐ.സി.ഡി.എസ് (സ്കീം) | 2470076 | 2021397 | 4491473 | 0 | - |
| ലിറ്ററസി സ്കീം ഗ്രാന്റ് | 8941 | 12630 | 21571 | 12630 | - |
| സ്വച്ച് ഭാരത് അഭിയാൻ | 385970 | 957608 | 1343578 | 957608 | - |
| നാഷണൽ റൂറൽ ഹെൽത്ത് മിഷൻ | 612877 | 503640 | 1116517 | 0 | - |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് (സർവീസ്) | 0 | 625290 | 625290 | 0 | - |
| നാഷണൽ പ്രോഗ്രാം ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് | 300000 | 0 | 300000 | 0 | - |
| നിർമ്മൽ പുരസ്കാരം | 473000 | 0 | 473000 | 0 | - |
| ശുചിത്വമിഷൻ ഗ്രാന്റ് | 787116 | 0 | 787116 | 0 | - |
| സംയുക്തപദ്ധതി - ബ്ലോക്ക് പഞ്ചായത്ത് | 879795 | 2094431 | 2974226 | 2694431 | - |
| സംയുക്തപദ്ധതി - ജില്ലാ പഞ്ചായത്ത് | 1295932 | 2267336 | 3563268 | 2267336 | - |
| കോൺട്രിബ്യൂഷൻ - റവന്യൂ ചെലവുകൾ - ബ്ലോക്ക് പഞ്ചായത്ത് | 50000 | 0 | 50000 | 0 | - |
| കോൺട്രിബ്യൂഷൻ - റവന്യൂ ചെലവുകൾ - ജില്ലാ പഞ്ചായത്ത് | 550000 | 0 | 550000 | 0 | - |
| ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ഗവൺമെന്റ് ഏജൻസി (320300199) | 10070679 | 3278576 | 13349255 | 300000 | - |
| ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ധനകാര്യ സ്ഥാപനങ്ങൾ(320400199) | 499250 | 0 | 499250 | 0 | - |
| കുടിവെള്ളപദ്ധതി - ഗ്രാന്റ് (320200305) | 873867 | 0 | 873867 | 0 | - |
| ഗ്രാന്റ്, ഫണ്ട്, കോൺട്രിബ്യൂഷൻ - മറ്റ് ആവശ്യങ്ങൾ (320200399) | 166121 | 3880000 | 4046121 | 0 | - |
| മറ്റ് ഗ്രാന്റ് , ഫണ്ട് & കോൺട്രിബ്യൂഷൻ (320800199) | 1199439 | 0 | 1199439 | 0 | - |

<u>കുറിപ്പ്</u>

1) വികസന ഫണ്ട് - പൊതുവിഭാഗം സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി അംഗനവാടി ജീവനക്കാരുടെ പ്രതിഫലം) കുറവ് ചെയ്ത തുകയായ 2492362/- രൂപ പിരിവിലെ കുറവുമായി ബന്ധപ്പെട്ട് കുറവ് ചെയ്ത 191410/- രൂപയും അടക്കമുള്ള വ പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസന ഫണ്ട് - എസ്.സി.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി ക
367712/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസന ഫണ്ട് - ടി.എസ്.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി ക
1053788/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) CFC ഫണ്ട് - സുലേഖ പത്രിക പ്രകാരം 6189454 രൂപയാണ് ചെലവ്. എന്നാ
പ്രകാരം 4481668/-രൂപയാണ് ചെലവുള്ളത്. വ്യത്യാസം 1707786/- രൂപ. അസി
നിർവഹണം ചെയ്ത 135/24, 140/24, 344/25, 352/24 എന്നീ പദ്ധതികളിലെ ചെലവ് (
25 വർഷമാണ് നടന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. കൂടാതെ
വർഷത്തെ നീക്കിയിരിപ്പ് തുകയും (B17 ) , ബാധ്യത തുകയും ( B4) പൊരുത്തപ്പെട്ട
2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.1-1-11) പരാമർശിച്ചിട്ടുള്ളതാണ്
പരിഹരിക്കാത്തതിനാലും മേൽപറഞ്ഞ കാര്യങ്ങളാലും ചെലവ് തുക പൊരുത്തപ്പെടുന്നി
261299/- രൂപ, ബേസിക് ഫണ്ടിലെ വരവിനൊപ്പം ചേർത്തിട്ടുണ്ട്.

5. ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 12329100/- രൂപ വരവുണ്ട്.

## 1-5 പദ്ധതി അവലോകനം

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്ത |
|---|---|---|---|---|---|
| 282 | 28,36,91,468 | 153 | 7,64,95,191 | - | 129 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവ | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തു |
| 1 | സെക്രട്ടറി | 51 | 1,65,07,743 | 13 | 87,33,726 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 23 | 92,80,540 | 16 | 39,99,643 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 112 | 4,98,25,559 | 44 | 1,36,12,30 |
| 4 | കൃഷി ഓഫീസർ | 10 | 50,91,000 | 9 | 26,05,720 |
| 5 | വെറ്ററിനറി സർജ്ജൻ | 8 | 25,84,000 | 8 | 17,98,820 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 27 | 18,13,47,240 | 19 | 3,14,29,16 |

| | | | | | |
|---|---|---|---|---|---|
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 81,86,519 | 15 | 67,91,361 |
| 8 | പ്രധാനധ്യാപകൻ | 11 | 21,05,800 | 7 | 16,37,125 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 3,50,000 | 1 | 3,50,000 |
| 10 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 19 | 65,68,199 | 18 | 45,17,916 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 2,50,000 | 1 | 2,50,000 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 14,74,868 | 1 | 7,49,712 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1,20,000 | 1 | 19,700 |
| | **ആകെ** | **282** | **28,36,91,468** | **153** | **7,64,95,19** |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണച്ചെലവ് | 495052 | 1072231 | 1567283 | 1558567 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 26066703.32 | 26066703.32 | 26066703.3 |
| **ആകെ** | **495052** | **27138934.32** | **27633986.32** | **27625270.3** |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 റ പദ്ധതികളുൾപ്പെടുന്ന 13,80,34,680/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ച അംഗീകാരം നേടിയിരുന്നു. തൻ വർഷം 236 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ( പദ്ധതികളിലായി ആകെ 62963 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തെ കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 502400 | 395 |
| വിധവാപെൻഷൻ | 10480900 | 9202 |
| വാർദ്ധക്യകാലപെൻഷൻ | 21294200 | 19561 |
| വികലാംഗപെൻഷൻ | 3778000 | 3099 |

| | | |
|---|---|---|
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 675200 | 532 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പരിശോധന 16.12.2024 തീയതിയിൽ 3 P.M ന് സ്ഥാപനത്തിലെ ഉത്തരവാദ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 9,272/- രൂപയുടെ കൃത്യ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

2) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചാ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല.

3) 26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃത ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചി 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റ ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

4) <u>2023 -24 സാമ്പത്തിക വർഷത്തെ വിവിധ കമ്മിറ്റികളുടെ യോഗങ്ങളുടെ വിശദാംശം</u>

| ക്രമ നമ്പർ | കമ്മിറ്റി | യോഗങ്ങളുടെ എ |
|---|---|---|
| 1 | ഭരണ സമിതി | 29 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 14 |
| 3 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 21 |
| 4 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 5 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | |
| 6 | സ്റ്റാഫ് മീറ്റിംഗ് | 8 |
| 7 | പ്രൊക്യൂർമെന്റ് കമ്മിറ്റി | 9 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൻവർഷം 14 തവണ യോഗം ചേർന്നെങ്കിലും ര കൃത്യമായി പിരിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയേയും പുതിയ വരുമാന മാർഗ്ഗങ്ങള സംബന്ധിച്ച് കാര്യമാത്ര പ്രസക്തമായ ചർച്ചകളോ തീരുമാനങ്ങളോ എടുത്തിട്ടില്ല.

വരുമാനങ്ങൾ യഥാസമയം കൃത്യതയോടെ പിരിച്ചെടുക്കുവാൻ, ധനകാര്യ സ്റ്റാന്റിം പഞ്ചായത്ത് ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

<u>നിലവിൽ താഴെ ചേർത്ത തസ്തികകളിൽ ജീവനക്കാരില്ല.</u>

| | |
|---|---|
| സെക്രട്ടറി | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| സീനിയർ ക്ലാർക്ക് | 2 |
| ക്ലാർക്ക് (ലിങ്ക്വിസ്റ്റിക് മൈനോറിറ്റി) | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചാ പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർ അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയി കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്ര അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്ര

## <u>1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ അവലോകന റിപ്പോർട്ട്.</u>

15.07.2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത കർമ്മസേന രൂപീകരിക്കണമെന്ന് നിഷ്കർഷിച്ച് കൊണ്ട് നം.2420-ാം ആയി ഉത്തരവ് അടിസ്ഥാനമാക്കി 2018 മുതൽ എന്മകജെ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സ ൽ സ.ഉ. (സാധാ) 2511/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും, സോളിഡ് വേസ്റ്റ് മാനേജ്മെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണമെന്നും അടിസ്ഥാനത്തിലുമാണ് ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തന പ്രസക്തമാകുന്നതും. ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അ 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാ പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം ത സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർ ഹരിത കർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫ മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറ നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഖണ്ഡികയിൽ പ്രതിപാദിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എന്മകജെ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും,

അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ
ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ

<u>സംഘാടനം</u>

ഗ്രാമപഞ്ചായത്തിൽ ആകെ 17 വാർഡുകളാണുള്ളത്. ഓരോ വാർഡിൽ നിന്നും 2 തെരെഞ്ഞെടുത്താണ് സേനയെ ഉണ്ടാക്കേണ്ടത്. അതു പ്രകാരം ഇവിടെ 34 അംഗ സേനയിൽ ഉള്ളത്. ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ നിർമാർജ്ജന വിവിധതരം മാലിന്യ നിർമ്മാർജ്ജനോപാധികൾ പൊതുസമൂഹത്തിന് പരിച പൊതുജനത്തെ ഉറവിട മാലിന്യ സംസ്കരണത്തിനും പ്രാപ്തരാക്കുവാൻ തക്ക വിധത്തി നല്കിയുമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെടുക്കേ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് സൂചിപ്പിക്കുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനായി രൂപീകരിക്കുകയും, 8 പേരടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയും അതിൽ നിന്ന് പ്രസിഡ ഭാരവാഹികളേയും തിരഞ്ഞെടുത്താണ് പ്രവർത്തിക്കുന്നത്. അജൈവമാലിന്യം സ്ഥാപനങ്ങളിൽ നിന്ന് 100 രൂപ നിരക്കിലും ഭവനങ്ങളിൽ നിന്നും 50 രൂപ നി ഈടാക്കിയാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തിക്കേണ്ടത്. പക്ഷെ പിരിവ് ഊർജ്ജിതമല്ല. പ്രത്യേകമായി യൂണിഫോമും ഐ.ഡികാർഡും ഉണ്ട്.

**<u>രേഖകൾ</u>**

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്തി മിനിട്സ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, യൂസർ ഫീ രജിസ്റ്റർ, രസീപ്റ്റ് ബുക്ക്, അംഗ സൂക്ഷിച്ച് വരുന്നു. യൂസർ ഫീ ഡിമാന്റ് രജിസ്റ്റർ, ആക്ടിവിറ്റി രജിസ്റ്റർ എന്നിവ തയ്യാറാക്ക്

2021-22 വർഷം മുതൽ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധ വിശദവിവരം താഴെ ചേർക്കുന്നു.

## <u>2021-22 വർഷം</u>

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 113 | ടോയിലറ്റ് നവീകരണം | 1848000 | 1604920 | VEO |
| 121 | ടോയിലറ്റ് നവീകരണം | 893200 | 314600 | VEO |
| 126 | ഹരിത കർമ്മ സേനയ്ക്ക് ഉപകരണങ്ങൾ യൂണിഫോം,വെയിങ്ങ് മെഷീൻ തുടങ്ങിയവ വാങ്ങൽ | 110000 | 109758 | VEO |
| 155 | പെർള അടുക്ക കെജക്കാർ റോഡ് ഡ്രൈനേജ് | 250000 | 26707 | AE |

| | | | | |
|---|---|---|---|---|
| 171 | ഗിരിജാംബ എഎൽപി സ്കൂൾ ബേങ്കപദവ ടോയിലറ്റ് നിർമാണം | 260000 | 233766 | AE |
| 172 | ബ്യൂറൈനൽ ബ്ലോക്കും ഷെഡ് നിർമ്മാണവും നാൽകെ | 158000 | 114088 | AE |
| 173 | പെർല വെയിറ്റിങ്ങ് ഷെഡ് ടോയിലറ്റ് നവീകരണം | 1500000 | 1128361 | AE |
| 174 | മിനി എം സി എഫുകളുടെ നിർമ്മാണം | 360000 | 284064 | AE |
| 180 | ഹരിത കർമ്മസേന നടത്തിപ്പ് ചെലവ് | 413775 | 340000 | VEO |
| 192 | വ്യക്തിഗത ടോയിലറ്റ് നിർമ്മാണം (ഒഡിഎഫ് പ്ലസ്) | 354200 | 168000 | VEO |

**2022-23 വർഷം**

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 17 | അങ്കണവാടികളിൽ പോർട്ടബിൾ ബയോ ബിൻ | 72600 | 35640 | ICDS SUP. |
| 25 | ഹരിതകർമ്മ സേന പ്രവർത്തനങ്ങൾക്കും മാലിന്യനീക്കത്തിന് വാഹനവാടക നല്കൽ | 110000 | 55340 | VEO |
| 29 | എംസിഎഫിന ഇലക്ട്രിക് ഗുഡ്സ് ഓട്ടോറിക്ഷ വാങ്ങൽ | 505150 | 437688 | VEO |
| 31 | വീടുകളിലേയ്ക്ക് ബക്കറ്റ് കമ്പോസ്റ്റ് | 238000 | 173600 | VEO |
| 57 | ടേയിലറ്റ് നവീകരണം | 243080 | 67840 | VEO |
| 58 | ടോയിലറ്റ് നിർമ്മാണം | 578600 | 3400 | VEO |
| 60 | വ്യക്തിഗത ടോയിലറ്റ് നിർമ്മാണം(ഒഡിഎഫ് പ്ലസ്) | 186200 | 93800 | VEO |

| | | | | |
|---|---|---|---|---|
| 71 | എംസിഎഫ് നവീകരണം അനുബന്ധ കെട്ടിടങ്ങൾ | 1683500 | 1121106 | AE |
| 85 | ബലേമൂല എൽപി സ്കൂൾ ടോയിലറ്റ് നിർമ്മാണം | 500000 | 405043 | AE |
| 86 | ബദ്രംപള്ള എൽ പി സ്കൂൾ ടോയിലറ്റ് നിർമ്മാണം | 523000 | 413323 | AE |
| 264 | ഹരിതകർമ്മസേന പ്രവർത്തനം മാലിന്യം നീക്കൽ | 500000 | 464233 | VEO |
| 379 | എംസിഎഫിൽ നിന്നുള്ള അജൈവമാലിന്യം നീക്കം ചെയ്യുന്നതിനുള്ള തുക നല്കൽ | 2100000 | 2100000 | Secretary |
| 469 | എംസിഎഫിൽ നിന്നുള്ള അജൈവമാലിന്യം നീക്കം ചെയ്യൽ | 1202642 | 199360 | Secretary |

**<u>2023-24 വർഷം</u>**

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 86 | ഹരിതകർമ്മസേന പ്രവർത്തനങ്ങൾ | 57000 | 2460 | VEO |
| 150 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം സ്ഥാപിക്കൽ | 220000 | 150285 | AS |
| 158 | പൊതു സ്ഥലങ്ങളിൽ ഡസ്റ്റ് ബിൻ | 100000 | 95600 | VEO |
| 166 | ടോയിലറ്റ് നിർമ്മാണം | 205600 | 140000 | VEO |

| | | | | |
|---|---|---|---|---|
| 171 | ഐെഇസി പ്രവർത്തനങ്ങൾ ഒഡിഎഫ് പ്ലസ് | 200000 | 172608 | VEO |
| 172 | വീടുകളിലേയ്ക്ക് റിങ്ങ് കമ്പോസ്റ്റ് | 382500 | 262500 | VEO |
| 176 | അങ്കണവാടികളിൽ പോർട്ടബിൾ ബയോ ബിൻ | 36960 | 35640 | ICDS SUP. |
| 230 | സ്കൂളുകളിലേക്ക് ടോയിലറ്റ് നിർമ്മാണം | 1200000 | 864843 | AE |
| 238 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ പബ്ലിക് ടോയിലറ്റ് നിർമ്മാണം | 350000 | 345676 | AE |
| 289 | ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യൽ | 200000 | 82880 | AS |
| 294 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് ക്യൂ ആർ കോഡ് പതിപ്പിക്കുന്നതിനും സർവ്വേ നടത്തുന്നതിനുമുള്ള ചെലവ് നല്കൽ | 150000 | 99150 | AS |
| 311 | എംസിഎഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ | 15000000 | 825556 | AS |
| 315 | മാലിന്യ സംസ്കരണം ഗ്രീൻ വോം എന്ന സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് നൽകൽ | 141954 | 141954 | AS |
| 318 | സ്കൂളുകളിൽ കമ്പോസ്റ്റ് പിറ്റ് | 300000 | 263848 | AE |

| | | | | |
|---|---|---|---|---|
| 352 | കുടുംബശ്രീ ജനകീയ ഹോട്ടലിലേക്ക് കമ്പോസ്റ്റ് പിറ്റ് നിർമ്മാണം | 55042 | 53448 | AE |

**<u>മോണിട്ടറിംഗ്.</u>**

ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഹരിതകർമ്മ സേനയുടെ ഉത്തരവാദിത്വം കൈയാളുന വി.ഇ.ഒ., മറ്റ് പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ മേൽനോട്ടം വളരെ ക പരിശോധനയുടെ ഭാഗമായി കണ്ടെത്തിയിട്ടുള്ളത്. അതുപോലെ എൻഫോഴ്സ്മെന്റ് സ്ക്വാ എന്നാണ് മനസ്സിലാക്കുന്നത്. നിരോധിത പ്ലാസ്റ്റിക്ക് ഉപയോഗം, മാലിന്യം വലി കണ്ടെത്തി ഫൈൻ ഈടാക്കേണ്ടതുണ്ട്. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്ത സേവനങ്ങൾക്കും ലൈസൻസ് നല്കുന്ന കാലയളവിൽ അപേക്ഷകരിൽ നിന്ന് : അധികരിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ലെന്ന് സമ്മതപത്രം പ്ലാസ്റ്റിക് ഉപയോഗം, മാലിന്യം വലിച്ചെറിയൽ എന്നിവ സംബന്ധമായി പിഴ ഇതുവ ഗൗരവമായി കാണുന്നു. എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമാക്കി ഇത കൂടുതൽ ശ്രദ്ധ പതിപ്പിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കേണ്ടതാണ്.

<u>അടിസ്ഥാന വിവരങ്ങൾ</u>

<u>1.കെട്ടിടങ്ങൾ</u>

| | |
|---|---|
| ആകെ വാർഡ് | 17 |
| റസിഡെൻഷ്യൽ | 9985 |
| നോൺ റസിഡെൻഷ്യൽ | 7855 |
| ആകെ കെട്ടിടങ്ങൾ | 17840 |

2)സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പൂർത്തീകരിച്ചതിന്റെ വിശദാംശം

| ആകെ കെട്ടിടങ്ങൾ - 17840 | |
|---|---|
| നിലവിലെ ഡിമാന്റ് പ്രകാരം | |
| QR കോഡ് പതിച്ചവ | സബ്സ്ക്രൈബ് ചെയ്തവ |
| 7489 | 10351 |

ഹരിതകർമ്മസേനക്ക് നിലവിലെ പരിമിതികൾ മൂലം ഗ്രീൻവേംസ് എന്ന സ്ഥാപനത്തി മാലിന്യങ്ങൾ ശേഖരിക്കാൻ കഴിയുന്നില്ല. 5-ാം വാർഡിൽ സൂർഡേലുവിലാണ് നിലവി MCF ഉള്ളത്. 37 മിനി MCFകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ കപ്പാസിറ്റി കുറവാണ്. കൂടുതൽ മിനി MCFകൾ സ്ഥാപിച്ച് മാലിന്യ ശേഖരണം എങ്കിലും പരമാവധി വാർഡുകളിലെ ഭവനങ്ങളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിത്യജീവിതത്തിന്റെ ഭാഗമായ എല്ലാ അജൈവമാലിന്യങ്ങളും എല്ലാമാസവും ശേഖ സ്ഥാപനങ്ങളെയും ഭവനങ്ങളെയും ഹരിതകർമ്മസേനയുടെ പരിധിയിൽ കൊണ്ടുവരാ പോരായ്മയാണ്.

3) മാലിന്യ വേർതിരിവ് പാലിക്കൽ

നിലവിൽ ചെറിയ രീതിയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ ഹരിതകർമ്മസേനാ വ
ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന മിനി എം.സി.എഫു
നിന്ന് MCF ലേക്കും എത്തിക്കുന്നു. ഗ്രീൻ വേംസിന് (64629കി.ഗ്രാം.) മാലിന്യം കൈമാ

4) റീസൈക്ലിംഗ്.

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാ
ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപി
ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യ
മാലിന്യം MCFൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യണം. നിലവിൽ ഇ
പ്രോസസ് നടപ്പാക്കുന്നില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്ത
ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സം
മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്ര
ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോ
അത്യാവശ്യമാണ്. എന്നാൽ ഇതു സംബന്ധിച്ച ബോധവൽക്കരണത്തിനായി
ഹരിതകർമ്മസേനയോ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളൊന്ന
ലഭ്യമാക്കിയിട്ടില്ല.

6) അടിസ്ഥാന സൗകര്യ വികസനം

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്ത്
ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്.

7) പാരിസ്ഥിതിക ആഘാതം

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച്
എത്തിക്കുകയും അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു. മാല
അനധികൃതമായി തള്ളുന്നതോ ആയ സംഭവങ്ങൾ, നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ
പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ എന്നിവയുമായി ബന്ധപ്പെട്ട് പ
ഗ്രാമ പഞ്ചായത്ത് എന്നിവയ്ക്ക് പരാതികൾ ലഭ്യമായിട്ടില്ല. മാലിന്യം തള്ളുന്ന സംഭവങ്ങ
പരാതി ഉടൻ അറിയിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടത് അത്യാവശ്യമാണ്.

8) പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന പരിശീലനങ്ങൾ നല്കിയിട്ടുണ്ട്.

9) നിയമങ്ങൾ പാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമ
ബോധവല്ക്കരിക്കുന്നതിന് ബോധവല്ക്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടു
ബ്രോഷറുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്.

**നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.**

എ) സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയായില്ല-മാലിന്യ ശേഖ
പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗ

നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ക്യൂ.ആർ കോഡ് പതിക്കൽ പ്രവൃത്തി ഇതുവരെ പൂർത്തിയാ സ്മാർട്ട് ഗാർബേജ് പദ്ധതിയും ഹരിതമിത്രം ആപ്പും പൂർണ്ണ സജ്ജമല്ല.

ബി) ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ നീക്കംചെയ്യപ്പെടുന്നില്ല.

സി) സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. നൂതനമായ മാലിന്യ സംസ്കരണ രീത് സംബന്ധിച്ച ഹരിതകർമ്മ സേനയ്ക്ക് പരിശീനം നൽകേണ്ടതും അവരെ സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക നൽകേണ്ടതുമാണ്.

ഡി) അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേ ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

ഗ്രാമപഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ ത എം.സി.എഫുകൾ സ്ഥാപിക്കുക, മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിച നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്.

1. ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും സെഗ്രിഗേറ് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു മെറ്റീരിയൽ കലക്ഷൻ ഫെസിലി ഗ്രാമപഞ്ചായത്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ വീടുകളിൽ നി അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിനാവശ്യമായ മിനി എം.സ പരമാവധി സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്.

1. സ്മാർട്ട്ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ ഫീ പിരിവ് 100% നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ചു ത ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന ളുക്കത്തിനനുസരിച്ചുള്ള വില ഈടാക്കാവുന്നതും അതുവഴി അവ ക ഗ്രാമപഞ്ചായത്തിന് ഏറ്റെടുക്കേണ്ടി വരുന്ന വലിയ ബാദ്ധ്യത ഒഴിവാക്കാവുന്നതുമാണ്.

3. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച ഹരിതകർമ്മ നൽകേണ്ടതും അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനാ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

5. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്ക ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

ഇപ്രകാരം നടപടികൾ സ്വീകരിച്ച് മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോ പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടത

## 1-11 തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ( നഷ്ടത്തിന് കാരണമാകുന്നു

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനാ( SBI കാസറഗോഡ് ബ്രാഞ്ചിലെ 00000037296307893 നമ്പർ അക്കൗണ്ടിൽ 31.03. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 67,85,513.13/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ലഭ്യമായിട്ടുള്ള എ സ്റ്റേറ്റ്മെന്റ് പ്രകാരം 20.06.2024 തീയ്യതിയിലെ നീക്കിയിരിപ്പ് 72,69,381.13/- രൂപയാ( ഇത് ഒരു പലിശ രഹിത കറന്റ് അക്കൗണ്ട് ആയതിനാൽ ഈ അക്കൗണ്ടിൽ വലിയ അവശേഷിച്ചതുവഴി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വര( കാരണമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്. ( തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിേ( ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.05/18-12-2024

## 1-12 വസ്തു നികുതി പരിഷ്കരണം- നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിലെ കാലത വരുമാനനഷ്ടത്തിനിടയാക്കുന്നു.

22.03.2023-ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01.04.2023 പ്രാബല്യ( നികുതിദായകരുടെയും പുതിയ നികുതിദായകരുടെയും വസ്തു നികുതി പുതുക്കി നിശ്ചയിക്ക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ ( പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഈ വിവ( ഉടമകൾ സമർപ്പിച്ച 9 ബി ഫാറത്തിലെ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അ നടത്തിയത് മുതലും ഘടനാപരമായും ഉപയോഗക്രമത്തിലും ഉൾപ്പെടെയുള്ള മാറ്റം വന്ന ക പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുമുണ്ട്.
ഓഡിറ്റ് സമയം വരെ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല. വസ്തു നി പൂർത്തിയാക്കാതിരിക്കുന്നത് വരുമാനനഷ്ടത്തിന് കാരണമാകുമെന്നതിനാൽ മുഴുവൻ കെ നികുതി പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതും വി അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.11/19-12-2024.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കുന്നതിൽ അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവ സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 31.10.2017 ലെ ജി.ഒ.(പി) 80/201 ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ഉ അടിസ്ഥാനമാക്കിയായിരുന്നു. ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഈടാക്കേ ഭരണസമിതി തീരുമാനത്തിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചട്ടങ്ങൾ പ്രക അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മിനി, എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതി ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസ് പുതുക്കുന്ന അപേക്ഷകളിലും മൂലധനനിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. ഈ സ്ഥാപന

ഫീസ് കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ചില സ്ഥാപനങ്ങളിൽ നിന്നും ഇ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം/ മേഖല | വാർഡ് നം/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം | ഈടാക്കിയ തുക/ രശ നം,തീയതി |
|---|---|---|---|---|
| പച്ചക്കറിക്കട | 10/472 | ബി വിശ്വനാഥ റായ് | രേഖപ്പെടുത്തിയിട്ടില്ല | 500/1230102013/11 |
| വെൽഡിങ്ങ് വർക്സ് | 14/406 A | ഗിരീഷ എം പൂജാരി | രേഖപ്പെടുത്തിയിട്ടില്ല | 900/1230102058/15 |
| ഐഡിയൽ വുഡ് | 9/217 | റോഷൻ ഡിസൂസ | രേഖപ്പെടുത്തിയിട്ടില്ല | 500/1230102232/07 |

ചട്ടം അനുശാസിക്കുന്ന പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻ ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.12/19-12-2024.

## 1-14 കെട്ടിട നിർമ്മാണ അനുമതി- ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

2023-24 വർഷത്തെ കെട്ടിട നിർമ്മാണം സംബന്ധിച്ച അപേക്ഷകൾ, രജിസ്റ്റർ എന്നിവ നിന്നും കണ്ടെത്തിയ പോരായ്മകൾ താഴെ വിവരിക്കുന്നു.

